# തിരുവിതാംകൂർ ദേവസ്വം ബോർഡ്

''സ്വാമി ശരണം''

ഡിഎ.നം.874/24/**B2/NPS**

ദേവസ്വം അക്കൗണ്ട്സ് ആഫീസ്
തിരുവനന്തപുരം
**തീയതി: 23/01/2024**

എല്ലാ ആഫീസ് മേധാവികൾക്കും

## സർക്കുലർ

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ദേശീയ പെൻഷൻ പദ്ധതി പ്രകാരം വിവിധ ആഫീസുകളിലെ ജീവനക്കാരുടെ 2023 നവംബർ, ഡിസംബർ മാസങ്ങളിലെ ശമ്പളത്തിൽ നിന്നും പിടുത്തം വരുത്തിയ തുകകൾ സ്റ്റേറ്റ്മെന്റുകളാക്കി ഈ ആഫീസിൽ ലഭ്യമാക്കിയവ പരിശോധിച്ചതിൽ ചില സ്റ്റേറ്റ്മെന്റുകളിൽ ചുവടെ വിവരിക്കുന്ന അപാകതകൾ കാണുന്നു.

1) ജീവനക്കാരുടെ PRAN തെറ്റായി രേഖപ്പെടുത്തി വരുന്നു.

2) ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടുത്തം വരുത്തുന്ന എൻ.പി.എസ് വിഹിതം ദേശീയ പെൻഷൻ പദ്ധതിയുടെ ആവശ്യത്തിലേയ്ക്ക് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ പേരിൽ ആരംഭിച്ചിട്ടുള്ള 126-1-33 എന്ന അക്കൗണ്ടിൽ ഒടുക്കുന്നതിന് പകരം തെറ്റായി മറ്റ് അക്കൗണ്ടുകളിലേയ്ക്ക് ഒടുക്കുവരുത്തുന്നതായി കാണുന്നു.

3) ശമ്പളത്തിൽ നിന്നും പിടുത്തം വരുത്തി ഒടുക്കുന്നതിന്റെ ചെല്ലാനുകൾ എൻ.പി.എസ് റിക്കവറി സ്റ്റേറ്റ്മെന്റുകളിൽ ചേർക്കാറില്ല.

4) അതാത് മാസത്തെ തുകകൾ ഒടുക്ക് വരുത്തി സ്റ്റേറ്റ്മെന്റും ചെല്ലാനും ഈ ആഫീസിലേയ്ക്ക് നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എത്തിക്കാതെ വളരെയധികം കാലതാമസം വരുത്തുന്നു.

മേൽ വിവരിച്ചിട്ടുള്ള അപാകതകൾ നിമിത്തം ജീവനക്കാർക്ക് ഉണ്ടാകുന്ന മുഴുവൻ നഷ്ടങ്ങളുടെയും ഉത്തരവാദിത്വം ബന്ധപ്പെട്ട ആഫീസ് അധികാരികളിൽ മാത്രം നിക്ഷിപ്തമാണ് എന്ന വിവരം അറിയിക്കുന്നു.

കൂടാതെ എൻ.പി.എസ് മാസവിഹിത ഒടുക്കിന്റെ സ്റ്റേറ്റ്മെന്റുകൾ അയക്കുമ്പോൾ പ്രാൺ ലഭ്യമായിട്ടുള്ളവരുടെയും ഇല്ലാത്തവരുടെയും സ്റ്റേറ്റ്മെന്റുകൾ പ്രത്യേകം തയ്യാറാക്കി പ്രത്യേകം ചെല്ലാനുകളിൽ ഒടുക്കി വേണം ഈ ആഫീസിൽ ഹാജരാക്കേണ്ടത്.

വിശ്വസ്തതയോടെ,

ദേവസ്വം അക്കൗണ്ട്സ് ആഫീസർ